# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *273** **07.10.2016 ൽ മറുപടിയ്ക്ക്**

## നാളികേര കൃഷി സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.ബി.സത്യൻ**<br>**ശ്രീ.യു.ആർ.പ്രദീപ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) നാളികേരകൃഷി സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ; | എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേര ഗ്രാമങ്ങൾ 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും , അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4500/- ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കി വെച്ചിരിക്കുന്നത്.<br><br>തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവരാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറൊന്നിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷകർക്ക് തെങ്ങ് കയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 80 എണ്ണം വരെ നൽകുന്നതിന് 1.6 ലക്ഷം രൂപയും, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 42 |

ഹെക്ടറിലേയ്ക്കായി 10.5 ലക്ഷം രൂപയും, ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് 15 കമ്പോസ്റ്റ് യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ഒരു ഗ്രാമത്തിൽ 15 യൂണിറ്റുകൾക്ക് 1.5 ലക്ഷം രൂപയും, ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും നൽകി വരുന്നു. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും, ബോധവൽക്കരണത്തിനും സംഘാടന ചിലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ, പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്തു കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേരസമിതിക്കായി 10 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

ബി) മൂല്യവർദ്ധിത ഉല്പന്നമെന്ന നിലയിൽ കേര കർഷകർക്ക് പ്രതീക്ഷയേകിയ നീര നേരിടുന്ന പ്രതിസന്ധി എന്തൊക്കെയാണ്; അതു പരിഹരിക്കാനായി എന്തു പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

ബി) കേര കർഷകർക്ക് പ്രതീക്ഷയേകിയ നീര ഉൽപാദകർ നേരിടുന്ന പ്രധാന പ്രതിസന്ധികൾ ചുവടെ ചേർക്കുന്നു.

1. തെങ്ങ് ചെത്ത് തൊഴിലാളികളുടെ ക്ഷാമം.
2. ശീതികരണ സംവിധാനങ്ങളുടെ അഭാവം കൊണ്ട് ഗുണനിലവാരത്തിലുണ്ടാകുന്ന കുറവ്.
3. നീരയിൽ നിന്നും ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സാങ്കേതിക വിദ്യകൾ ഉൽപ്പാദകർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
4. ശക്തമായ വിപണന ശൃംഖലയുടെ അഭാവം.

സംസ്ഥാനത്ത് നീര ഉല്പാദനവും, വിപണനവും ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്നും നീരയുടെയും, തെങ്ങിൽ പൂങ്കുലയിൽ നിന്നും കേരചക്കരയുടെയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും, പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ചെലവുകൾക്കായി 130.00 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക്

നൽകിയിട്ടുണ്ട്. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷനു നൽകിക്കൊണ്ട് ചെലവുകൾക്കായി 180.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വെൻഡിംഗ് മെഷീനിലൂടെയും വിൽപ്പന കേന്ദ്രങ്ങൾ വഴിയും നീരയുടെ വിപണനം നടത്തിവരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റികൾ/കമ്പനികൾ എന്നിവയിലൂടെ നീര ഉത്പാദനം നടത്തുന്നുണ്ട്. പൈലറ്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് നീര ടെക്നീഷ്യന്മാർക്കുള്ള പരിശീലന പരിപാടികൾ കാർഷിക സർവ്വകലാശാല സംഘടിപ്പിച്ചിട്ടുണ്ട്.

സി) പച്ചത്തേങ്ങ സംഭരണം ഫലപ്രദമായി നടത്താൻ കൃഷിഭവനുകൾക്ക് സാധ്യമായിട്ടുണ്ടോ;

സി) സംസ്ഥാനത്ത് ഇടുക്കി ജില്ല ഒഴികെയുള്ള ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണം ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

ഡി) ചകിരിയും ചകിരിച്ചോറും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ ആലപ്പുഴയിലും സമീപ ജില്ലകളിലുമെങ്കിലും കൃഷിഭവനുകൾ വഴി തൊണ്ടോടു കൂടിയ പച്ചത്തേങ്ങ സംഭരിച്ച് സ്വയം സഹായ സംഘങ്ങളുടെ പങ്കാളിത്തത്തോടെ തേങ്ങ പൊതിച്ച് തൊണ്ട് സംഭരണം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ?

നിലവിൽ തൊണ്ട് കളഞ്ഞ പച്ചനാളികേരമാണ് കൃഷി ഭവനുകളിലൂടെ കേരഫെഡ് സംഭരിച്ചു വരുന്നത്. തൊണ്ടോടുകൂടിയ പച്ചത്തേങ്ങ സംഭരിച്ച് സ്വയം സഹായ സംഘങ്ങളുടെ പങ്കാളിത്തത്തോടെ തൊണ്ട് സംഭരണം നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

s. [signature]

**സെക്ഷൻ ഓഫീസർ**